മി. സ്പീക്കർ: ഓർഡർ...ഓർഡർ... ചോദ്യം നം. (* 151)

വ്യാജ പുരാവസ്തുക്കളുടെ ക്രയവിക്രയം

(*151) ശ്രീ . ഷാഫി പറമ്പിൽ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ ലഭിക്കാത്ത വ്യാജ വസ്തുക്കൾ പുരാവസ്തു എന്ന പേരിൽ പ്രദർശനവും വിൽപനയും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് അധികാരികൾക്ക് ജാഗ്രതാനിർദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ചേർത്തല സ്വദേശിയായ വ്യക്തിയുടെ നേതൃത്വത്തിൽ പുരാവസ്തു തട്ടിപ്പ് നടക്കുന്നതായി മുൻ പോലീസ് മേധാവിക്ക് ബോധ്യപെട്ടിട്ടും ഇയാൾക്കെതിരെ നിയമനടപടികൾ

സ്വീകരിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തിയുടെ വീടിനും വ്യാജ വസ്തുശേഖരത്തിനും പോലീസ് സംരക്ഷണം നൽകിയതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായുള്ള ബന്ധം ദുരുപയോഗം ചെയ്ത് കോടികളുടെ തട്ടിപ്പ് നടത്തിയതിന് എന്തെങ്കിലും തെളിവുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാന പോലീസിലെ ഇത്തരം ബന്ധങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ആരോപണങ്ങൾ ഉയർന്നുവന്നതിന്റെ പശ്ചാത്തലത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നുണ്ട്. പുരാവസ്തു വ്യാജമാണോ അല്ലയോ എന്ന് ഉറപ്പാക്കേണ്ടത് ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ (ASI) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ (ASI) യുടെ ശ്രദ്ധയിൽപെടുത്തി കേസന്വേഷണം മുന്നോട്ടുകൊണ്ടുപോകാനാണ് ക്രൈം ബ്രാഞ്ച് ശ്രമിക്കുന്നത്.

(ബി-ഡി) പോലീസ് റിപ്പോർട്ട് പ്രകാരം, ആരോപണവിധേയനായ വ്യക്തി തന്റെ വീടിന് സുരക്ഷ നൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട അപേക്ഷയായതിനാൽ സ്വാഭാവികമായ നടപടിയാണ് പോലീസ് മേധാവി കൈക്കൊണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആരോപണവിധേയനെകുറിച്ച് 21-12-2019-ലെ കത്ത് പ്രകാരം ഇന്റലിജൻസ് എ. ഡി. ജി. പി ക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ ഡി. ജി. പി ഈ കേസിലെ ആരോപണവിധേയന്റെ വീട് സന്ദർശിക്കുകയും സംശയത്തെ തുടർന്ന് പോലീസ് ഇന്റലിജൻസിനോട് വിവരങ്ങൾ ശേഖരിക്കാൻ ആവശ്യപ്പെടുകയുമുണ്ടായി. ഇന്റലിജൻസ് എ.ഡി.ജി.പി യിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 05-02-2020-ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. ഇത് സംബന്ധിച്ച കാര്യങ്ങൾ അന്വേഷണത്തിലാണ്.

<u>ശ്രീ . ഷാഫി പറമ്പിൽ:</u> സർ, 2019 മെയ് 22-നാണ് മോൻസനെപ്പറ്റി വിശദമായി അന്വേഷിക്കണമെന്ന് ഇന്റലിജൻസ് മേധാവി ഡി.ജി.പി.-ക്ക്

റിപ്പോർട്ട് നൽകിയെന്നാണ് പറയപ്പെടുന്നത്. മെയ് 22-ന് അത്തരമൊരു റിപ്പോർട്ട് ഡി.ജി.പി-ക്ക് നൽകിയശേഷം ജൂൺ 13-ന് അദ്ദേഹത്തിന്റെ വ്യാജ പുരാവസ്തു ശേഖരത്തിനും വീടിനും സംരക്ഷണം നൽകാൻ തീരുമാനിച്ച പോലീസിന്റെ നടപടി വലിയ തെറ്റല്ലേ. അങ്ങനെയാണെങ്കിൽ അത്തരം കാര്യങ്ങളിൽ എന്ത് നടപടിയാണ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, മുൻ ഡി.ജി.പി. അവിടെ പോകാനിടയായ സാഹചര്യം എന്താണെന്നുള്ളത് ഇപ്പോൾ വ്യക്തമല്ല. അവിടം സന്ദർശിച്ചതിനുശേഷം അദ്ദേഹം സ്വീകരിച്ച നടപടികളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് നമ്മുടെ മുമ്പിലുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുൻ ഡി.ജി.പി അവിടെ പോയതിനുശേഷം ഉണ്ടായ സംശയത്തെ തുടർന്ന് ഇന്റലിജൻസിനോട് കാര്യങ്ങൾ അന്വേഷിക്കാൻ പറഞ്ഞിട്ടുണ്ട്. ഇന്റലിജൻസിന് റിപ്പോർട്ട് ലഭിച്ചശേഷം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനോടും ഇക്കാര്യം കൂടുതൽ അന്വേഷിക്കേണ്ടതാണെന്ന് പറഞ്ഞ കാര്യവും നമുക്കെല്ലാവർക്കും അറിയാവുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഡി.ജി.പി. അവിടെ പോയ കാരണങ്ങളെ സംബന്ധിച്ചല്ല, ചോദിക്കുന്നത്. ഇദ്ദേഹം സംശയിക്കത്തക്ക ആളാണ് ഇദ്ദേഹത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ഡി.ജി.പിക്ക് ഇന്റലിജൻസ് മേധാവിയുടെ റിപ്പോർട്ടാണ് ലഭിച്ചത്. പോലീസ് തന്നെ തയ്യാറാക്കിയ ഈ റിപ്പോർട്ട് സംസ്ഥാന പോലീസ് മേധാവിക്ക് ലഭിച്ചശേഷവും അദ്ദേഹത്തിന്റെ വ്യാജ കരുതൽ ശേഖരണത്തിന് സംരക്ഷണം നൽകാൻ കേരള പോലീസ് തീരുമാനിച്ചതെന്തിനാണെന്നാണ് പ്രസക്തമായ ചോദ്യം. അതുപോലെ തന്നെ ഇദ്ദേഹം ഡോക്ടറാണോ എന്ന കാര്യത്തിൽപ്പോലും സംശയമാണ്. ഒരു വ്യാജ ഡോക്ടറായി ചികിത്സ നടത്തുന്നുവെന്ന് അറിഞ്ഞിട്ടും അത് കേവലം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് അയച്ചുകൊടുത്തിട്ട് ഇത് അറിയാത്ത ആളുകളിലേക്ക് പിന്നെയും ചികിത്സ നടത്താൻ അവസരം ഒരുക്കി കൊടുക്കയല്ലേ പോലീസ് ചെയ്തത്; വ്യാജ ഡോക്ടറാണെന്ന ഇൻഫർമേഷൻ പോലീസ് തന്നെ മുന്നോട്ടുവച്ചാൽ എത്രയും പെട്ടെന്ന് ആളെ അറസ്റ്റ് ചെയ്ത് അദ്ദേഹം നടത്തുന്ന വ്യാജ ചികിത്സ അവസാനിപ്പിക്കാനുള്ള നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായിരുന്നില്ലേ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മുൻ ഡി.ജി.പി. ചെയ്ത കാര്യത്തെക്കുറിച്ചാണ് നമ്മൾ പറയുന്നത്. അതിൽ കാണേണ്ടത് അദ്ദേഹം സന്ദർശിച്ച് അവിടെ കണ്ടത് പുരാവസ്തുക്കളെയാണ്. ആ പുരാവസ്തുക്കളുടെ കാര്യത്തിൽ സംശയമുണ്ടാകുകയും അതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കാനാണ് എൻഫോഴ്സ്മെന്റ് ഡയറക്ടിനോട് ആവശ്യപ്പെട്ടിരുന്നത്. അതിന്റെ ഭാഗമായി മറ്റു സാമ്പത്തിക ക്രമക്കേടുകളുടെ കാര്യവും സംശയമായി തോന്നിയിട്ടുണ്ടാകാം. ആ അന്വേഷണത്തിലേക്ക് കേരള പോലീസിന് പോകാൻ കഴിയാത്തതുകൊണ്ടാണ് അത്തരമൊരു അന്വേഷണം കേന്ദ്ര ഏജൻസി അന്വേഷിക്കണമെന്ന് പറയുന്ന സ്ഥിതിയുണ്ടായത്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചതിനെത്തുടർന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് അന്വേഷണത്തിനായി കത്ത് അയച്ചു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് നൽകിയ കത്തിൽ സംസ്ഥാനത്തെ ഉന്നതരായ പോലീസ് ഉദ്യോഗസ്ഥർക്ക് ഇദ്ദേഹവുമായി വഴിവിട്ട ബന്ധമുണ്ടെന്ന പരാമർശമുണ്ടെന്നും എന്നാൽ ആ പരാമർശം കണ്ടെത്തിയ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു പോലീസ് മേധാവിക്കുമെതിരെ ഒരന്വേഷണവും നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒരു സ്പെഷ്യൽ ടീമിനെ നിയമിച്ചുകൊണ്ട് ഈ കേസുമായി ബന്ധപ്പെട്ട അന്വേഷണം ഗൗരവമായി നടന്നുകൊണ്ടിരിക്കുകയാണ്. ആ അന്വേഷണത്തിൽ ആക്ഷേപകരമായ ഒരു കാര്യവും ഇതുവരെ ആരും ഉന്നയിച്ചിട്ടില്ല. ഇതിൽ നിന്നും ഇക്കാര്യത്തിൽ ഗൗരവതരമായ അന്വേഷണം തന്നെയാണ് നടത്തുന്നതെന്നന്ന് മനസ്സിലാക്കാം. അതിന്റെ അടിസ്ഥാനത്തിൽ എവിടെയൊക്കെ എത്തണോ അവിടെയൊക്കെ എത്തട്ടെ. ഇക്കാര്യത്തിൽ നമ്മൾ ആദ്യമേ തന്നെ ഒരു വിധി പുറപ്പെടുവിക്കാൻ നിൽക്കണ്ട.

ശ്രീ. സി. ആർ. മഹേഷ്: സർ, കൊക്കൂൺ എന്ന സൈബർ സെക്യൂരിറ്റിയെ സംബന്ധിച്ച അതീവ ഗൗരവ സ്വഭാവമുള്ള കോൺഫറൻസിൽ മോൻസണെ പോലീസ് മേധാവിക്ക് പരിചയപ്പെടുത്തിയവർ അടക്കമുള്ളവർ പങ്കെടുത്തത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സാധാരണഗതിയിൽ ഐ.ടി. വിദഗ്ദ്ധന്മാർ പങ്കെടുക്കുന്ന സമ്മേളനമാണിത്. അതിൽ മോൻസൺ പങ്കെടുത്തതായി രജിസ്റ്ററിൽ കാണുന്നില്ലെന്നാണ് അവർ വ്യക്തമാക്കിയിരിക്കുന്നത്.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഡി.ജി.പി.ക്ക് മോൻസന്റെ തട്ടിപ്പിനെക്കുറിച്ച് 2019-ൽ തന്നെ കൃത്യമായ വിവരം ലഭിച്ചുവെന്നാണ് മനസ്സിലാകുന്നത്. ഈ വിവരം ജനങ്ങളെ അറിയിച്ചുകൊണ്ട് കൂടുതൽ ആളുകളെ ഇവരിൽ നിന്നും സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം പോലീസിന് ഇല്ലായിരുന്നോ; ഇത്തരത്തിൽ കൃത്യവിലോപം കാണിച്ച, ഗുരുതരമായ വീഴ്ച കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, 2019-ലാണ് മുൻ പോലീസ് മേധാവി ഇന്റലിജൻസിനോട് അന്വേഷണം നടത്താൻ ആവശ്യപ്പെടുന്നത്. അതിന്റെ റിപ്പോർട്ട് ലഭിച്ചശേഷമാണ് 2020 ഫെബ്രുവരിയിൽ അദ്ദേഹം എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് കത്ത് നൽകുന്നത്.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, മോൻസന്റെ പുരാവസ്തു തട്ടിപ്പുമായി ചില പ്രമുഖ രാഷ്ട്രീയ പാർട്ടി നേതാക്കന്മാർക്ക് പങ്കുള്ളതായി പത്ര വാർത്തകൾ വന്നിട്ടുണ്ട്. ഇപ്പോൾ നടക്കുന്ന അന്വേഷണത്തിൽ ഇത്തരം നേതാക്കന്മാരുടെ അവിടത്തെ ചികിത്സയും ഇടനിലക്കാരായി പണം അടക്കം കൈമാറിയ കാര്യങ്ങളെല്ലാം ഈ അന്വേഷണത്തിന്റെ പരിധിയിൽ വരുന്നുണ്ടോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തട്ടിപ്പിന് വിധേയരായവരാണെങ്കിൽ അവരെക്കുറിച്ച് പ്രത്യേക അന്വേഷണത്തിന്റെ കാര്യം വരുന്നില്ല. അവർ പരാതി തന്നാലേ അന്വേഷിക്കേണ്ടതായിട്ടുള്ളൂ. എന്നാൽ ഇദ്ദേഹം നടത്തിയ തട്ടിപ്പിന് ആരെങ്കിലും കൂട്ട് നിന്നിട്ടുണ്ടെങ്കിൽ അത് ഈ അന്വേഷണത്തിന്റെ ഭാഗമായി ഗൗരവമായിതന്നെ പരിഗണിക്കപ്പെടും.

<u>ശ്രീ. സനീഷ് കുമാർ ജോസഫ്</u>: സർ, ശബരിമല ക്ഷേത്രത്തിലെ ആചാര നിർവ്വഹണത്തിനുള്ള അവകാശം സംബന്ധിച്ച് വ്യാജ ചെമ്പോല നിർമ്മിക്കുകയും വ്യാജ പ്രചരണം നടത്തിയവർക്കുമെതിരെ സമൂഹത്തിൽ ബോധപൂർവ്വം മതവികാരം വ്രണപ്പെടുത്താനും സ്പർദ്ധ ഉണ്ടാക്കാനും ശ്രമം നടത്തിയതിന്റെ പേരിൽ കേസ് എടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് അന്വേഷണത്തിന്റെ അവസാനം കാര്യങ്ങൾ വ്യക്തമാകും. അക്കാര്യത്തിൽ ശക്തമായ നടപടി തന്നെ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, വ്യാജ ഡോക്ടറുമായി ബന്ധപ്പെട്ട് ഏറ്റവും അധികം ഉയർന്നു കേൾക്കുന്നത് പ്രമുഖരാഷ്ട്രീയ പാർട്ടിയുടെ പ്രമുഖനായ നേതാവാണ്. അദ്ദേഹത്തെ വ്യാജ ചികിത്സയ്ക്ക് വിധേയനാക്കിയിരിക്കുന്നു എന്നതിനെ സംബന്ധിച്ച് അദ്ദേഹം ഇപ്പോൾ പരാതിയോ മറ്റാരെങ്കിലും വ്യാജ ചികിത്സയുമായി ബന്ധപ്പെട്ട് പരാതിയോ പോലീസിന് നൽകിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ചില സൂചനകളാണുള്ളത്. ആ സൂചനകളിൽ പറയുന്ന തരത്തിൽ ഒരു പരാതി പോലീസിന് ലഭിച്ചതായിട്ടുള്ള സൂചനകളൊന്നും എനിക്കില്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ചേർത്തല മാവുങ്കൽ മോൻസൺ അറിയപ്പെട്ടിരുന്നത് ഡോ. മോൻസൺ മാവുങ്കൽ എന്ന പേരിലായിരുന്നു. ഡിഗ്രി പാസ്സായിട്ടുപോലുമില്ലാത്ത ഇയാളെങ്ങനെയാണ് ഡോക്ടറായത് എന്നതിനെക്കുറിച്ച് അന്വേഷിക്കേണ്ടതുണ്ട്. പ്രവാസി മലയാളി

ഫൗണ്ടേഷൻ രക്ഷാധികാരി, വേൾഡ് പീസ് കൗൺസിൽ മെമ്പർ, ഹ്യൂമൻ റൈറ്റ്സ് പ്രൊട്ടക്ഷൻ കൗൺസിൽ തുടങ്ങിയവയുടെ ഭാരവാഹിയാണെന്നു കാണിച്ചിട്ടുള്ള ബോർഡുകൾ മോൻസന്റെ വീടിനു മുമ്പിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇത് നമുക്കൊരു ചൂണ്ടുപലകയാണ്. ഇതൊരു നിമിത്തമായിരിക്കാം. നമ്മുടെ നാട്ടിൽ ഇതുപോലെയുള്ള പല വ്യക്തികളുമുണ്ട്. അവരൊരുപാട് സംഘടനകളുടെ നേതാക്കന്മാരും ഭാരവാഹികളുമാണ്. അവരുടെ ജോലി ബ്ലാക്ക്മെയിലിംഗാണ്. സർക്കാർ ഉദ്യോഗസ്ഥന്മാരെയും ഏതെങ്കിലും പണിസ്ഥലത്തുപോയി കരാറുകാരെയും ബ്ലാക്ക്മെയിൽ ചെയ്യും. കടലാസ്സിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഇത്തരം സംഘടനകൾക്കൊരു നിയന്ത്രണം വേണ്ടേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് നിയന്ത്രിക്കാൻ നടപടിയെടുക്കുമോ എന്നതാണെന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഗൗരവമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ചിലർ തട്ടിപ്പിനുവേണ്ടി പല തരത്തിലുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാറുണ്ട്. അതിലൊന്ന് ഈ പറഞ്ഞതരത്തിലുള്ള ചില കള്ളവിലാസങ്ങളുണ്ടാക്കലാണ്. യഥാർത്ഥത്തിലത് ഒന്നുമല്ല. അത്തരമാളുകൾക്കെതിരെ പരാതികൾ

ലഭിക്കുന്നതിനു മാത്രമല്ല; മറ്റുതരത്തിലുള്ള നടപടികളും സ്വീകരിക്കേണ്ടതായിട്ടുണ്ടെന്ന് തന്നെയാണ് അഭിപ്രായം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പുരാവസ്തു എന്നു പറഞ്ഞ് പുതിയ വസ്തു കാട്ടുന്നതിനെയാണ് വ്യാജപുരാവസ്തുവെന്നു പറയുന്നത്. അതിനുസമാനമാണ് പഴയ ദേശീയ പാർട്ടിയുടെ പേരുപറഞ്ഞ് പുതിയൊരു പാർട്ടി പ്രചരണം നടത്തുന്നത്. 'വ്യാജദേശീയ പാരമ്പര്യപാർട്ടിയുടെ മുഖം മിനുക്കാൻ' എന്ന പേരിൽ പ്രസ്തുത പാർട്ടിയുടെ പേരിലുള്ള കേരള നേതാവിന്റെ മുഖം മിനുക്കാമെന്നു പറഞ്ഞ് തട്ടിപ്പ് നടത്തിയ ചേർത്തലക്കാരനെതിരെ ഒരു പൊതുതാല്പര്യം മുൻനിർത്തിക്കൊണ്ട് ഈയൊരു പാർട്ടി തെറ്റായ സന്ദേശം സമൂഹത്തിനുണ്ടാക്കും എന്നുള്ളതുകൊണ്ട് പൊതുതാല്പര്യാർത്ഥം കേസെടുക്കാൻ വല്ല സാധ്യതയുമുണ്ടോ എന്നതാണ് ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ അദ്ദേഹവുമായി ബന്ധപ്പെട്ട പലരുണ്ട്. അതിനിടയാക്കിയ സാഹചര്യം എന്താണെന്ന് പ്രത്യേകം അന്വേഷിക്കേണ്ടതായുണ്ട്. ഇവിടെ ബന്ധപ്പെടാനിടയായ കാര്യമല്ല, അദ്ദേഹം നടത്തിയ തട്ടിപ്പുകൾക്ക് ആരെങ്കിലും കൂട്ടുനിന്നിട്ടുണ്ടെങ്കിൽ അതാരായാലും അക്കാര്യത്തിൽ കർശനമായ നിലപാട് തന്നെയാണ് ഈ

അന്വേഷണത്തിന്റെ ഭാഗമായിട്ടുണ്ടാവുക.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ തട്ടിപ്പുമായി ബന്ധപ്പെട്ട വിശദമായ ചർച്ച അടിയന്തരപ്രമേയത്തിലും ഇപ്പോൾ ചോദ്യോത്തരവേളയിലും നടക്കുകയും ആവർത്തിച്ചാർത്തിച്ച് ചില ചോദ്യങ്ങൾ വരികയുമാണ്. അതുകൊണ്ടു മാത്രമാണ് ശബരിമലയിലെ ചരിത്രത്തെക്കുറിച്ചും അതിന്റെ പാരമ്പര്യത്തെക്കുറിച്ചും ഈ ചോദ്യം ചോദിക്കുന്നത്. ഇദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന 351 വർഷം പഴക്കമുള്ള ഒരു പുരാവസ്തു രേഖ വളരെ പ്രധാനപ്പെട്ടൊരു രേഖയാണെന്ന് ദേശാഭിമാനിപ്പത്രം പ്രസിദ്ധീകരിച്ചിരുന്നു. തെറ്റായ രേഖ, വ്യാജമായ ചെമ്പോല പ്രസിദ്ധീകരിച്ചതിന്റെ പേരിൽ ദേശാഭിമാനിപ്പത്രത്തിനെതിരായി നടപടിയെടുക്കാൻ തയ്യാറാകുമോ;

ശ്രീ. പിണറായി വിജയൻ: സർ, ചെമ്പോലയുടെ കാര്യത്തിൽ, ആചാരാനുഷ്ഠാനങ്ങളെ സംബന്ധിച്ച് തെറ്റായ രീതിയിൽ വ്യാജമായി നിർമ്മിച്ചതാണെന്ന് ഇതിനകംതന്നെ ഏകദേശം വ്യക്തമായിട്ടുണ്ട്. ഏതായാലും ഇത് ഒറിജിനൽ ചെമ്പോലയാണെന്ന് സർക്കാർ ഒരു ഘട്ടത്തിലും അവകാശപ്പെട്ടിട്ടില്ല. അതുമാത്രമല്ല, ഇപ്പോൾ ഇതുമായി

ബന്ധപ്പെട്ട് അന്വേഷണം നടക്കുന്നുണ്ട്. അന്വേഷണത്തിന്റെ ഭാഗമായി കണ്ടെത്തുന്ന കാര്യങ്ങൾ വച്ച് ഫലപ്രദമായ നടപടികളിലേയ്ക്ക് നമുക്കുകടക്കാം.

ശ്രീ. വി. ജോയി: സർ, പുരാവസ്തു തട്ടിപ്പുകേസിലെ പ്രതിയുടെ വീട്ടിൽ ചില രാഷ്ട്രീയ നേതാക്കൾ പോയതായും അവിടെവച്ച് തുകകൾ കൈമാറിയതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പരാതിക്കാർ വാർത്താ ചാനലിൽ വന്നിട്ട് പരാതി നൽകുമെന്ന് അറിയിച്ചിരുന്നു. അങ്ങനെ പരാതി നൽകിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ പരാതികളിൽ ഒരു പരാതിയിൽ ഇത്തരമൊരു പരാമർശമുണ്ടെന്നുള്ളത് വസ്തുതയാണ്. അതിനെക്കുറിച്ച് അന്വേഷിക്കട്ടെ; അന്വേഷണം നടന്നതിനുശേഷം എന്താണെന്നുകാണാം.

**സംഘടിത കുറ്റകൃത്യം തടയുന്നതിന് നിയമ നിർമ്മാണം**

**(*152)** ശ്രീമതി കെ.കെ. രമ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

(എ) സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യം തടയുന്നത് സംബന്ധിച്ച് നിയമ നിർമ്മാണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ

പ്രസ്തുത നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) സംഘടിത കുറ്റവാളികളെ വിചാരണ കൂടാതെ 180 ദിവസം വരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നത് സംബന്ധിച്ച വ്യവസ്ഥ പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പോലീസിന് നൽകുന്ന മൊഴി തെളിവായി സ്വീകരിക്കാൻ കരട് നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് വ്യാപകമായി ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട് എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ-ഡി) സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യം തടയുന്നത് സംബന്ധിച്ച് നിയമനിർമ്മാണം സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി

(ആഭ്യന്തരം), സെക്രട്ടറി (നിയമവകുപ്പ്), മുൻ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ. കെ രവീന്ദ്രനാഥ് (സീനിയർ ലീഗൽ കൗൺസൽ) എന്നിവരടങ്ങിയ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു[+]. റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ തുടർനടപടികൾ പരിശോധിക്കുകയുള്ളൂ.

<u>ശ്രീമതി കെ. കെ. രമ</u>: സർ, സംസ്ഥാനത്ത് നടന്നിട്ടുള്ള പല സംഘടിത കുറ്റകൃത്യങ്ങളിലും ഡി.ജി.പി. തലംവരെയുള്ള ഉന്നതപോലീസ് ഉദ്യോഗസ്ഥരുടെയും കുറ്റവാളികളുടെയും അവിശുദ്ധകൂട്ടുകെട്ട് കാണാൻ കഴിയുകയാണ്. സഖാവ് ടി. പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികളെ സംരക്ഷിക്കുന്നതിനും ഇവർക്ക് മറ്റ് കുറ്റകൃത്യങ്ങളിൽ സഹായമെത്തിക്കുന്നതിനും പോലീസ് സേനയിലെ പലരും ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് ഇവിടെ പലപ്പോഴും വ്യക്തമായതാണ്. അതുപോലെതന്നെ സ്വർണ്ണകള്ളക്കടത്ത് കേസ് പ്രതികൾക്കും ഇത്തരം നിയമവിരുദ്ധ സഹായങ്ങൾ ലഭിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്.

---
+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കുറ്റകൃത്യങ്ങൾ തടയുന്നതിനും അന്വേഷണം നടത്തുന്നതിനും ഒട്ടേറെ നിയമങ്ങൾ നിലവിലുണ്ടായിരിക്കേ അവ ഉപയോഗപ്പെടുത്തുന്നതിൽ സംസ്ഥാന ആഭ്യന്തരവകുപ്പിനുണ്ടായിട്ടുള്ള പരാജയമാണോ ഇത്തരത്തിലൊരു ജനവിരുദ്ധ നിയമത്തിന് സർക്കാരിനെ പ്രേരിപ്പിച്ചത് എന്നുള്ളതാണ് എന്റെ ചോദ്യം. അതുപോലെ ഈ നിയമങ്ങൾ ശരിയാംവണ്ണം നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കും എന്നതാണ്;

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യയായ അംഗം ചൂണ്ടിക്കാണിച്ച ടി. പി. ചന്ദ്രശേഖരൻ വധക്കേസിന്റെ അന്വേഷണം നടന്ന സമയം അവർക്ക് തെറ്റിപ്പോയോ എന്നൊരു സംശയം; അത് അപ്പുറത്താർക്കും മറവി വരാനിടയില്ലല്ലോ; വളരെ ഫലപ്രദമായിത്തന്നെ അന്വേഷിക്കാൻ നടപടികൾ സ്വീകരിച്ചതാണല്ലോ; അക്കാര്യത്തിൽ അന്നത്തെ ഗവൺമെന്റ് അവർക്കാകാവുന്ന രീതിയിലൊക്കെ അന്വേഷണം നടത്തിയെന്നുള്ളത് തന്നെയാണ് പൊതുസമൂഹത്തിന് അറിയാവുന്ന കാര്യം. അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്വേഷണത്തിൽ പിഴവുകളുണ്ടായെന്നാണോ അവരുദ്ദേശിച്ചതെന്ന് എനിക്ക് വ്യക്തമല്ല.

മറ്റൊരുഭാഗം അവർ ചൂണ്ടിക്കാണിച്ചത്. നിലവിലുള്ള കുറേ നിയമങ്ങളുണ്ട്. ആ നിയമങ്ങളുടെ ഭാഗമായി കാര്യങ്ങൾ നടക്കുന്നില്ല. ആ നിയമങ്ങളുടെ ഭാഗമായുള്ള കാര്യങ്ങൾ നടപ്പാക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിക്കും. നിയമപരമായി കാര്യങ്ങൾ നടക്കുക എന്നുള്ളതിനുതന്നെയാണ് സംസ്ഥാന സർക്കാർ മുൻതൂക്കം കൊടുക്കുന്നത്. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനോ ഉത്തരവാദപ്പെട്ടവരോ ഈ നിയമത്തിൽ നിന്നും വ്യത്യസ്തമായ നടപടികൾ സ്വീകരിക്കുന്നുവെങ്കിൽ അത് തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിക്കുകതന്നെ ചെയ്യും.

<u>ശ്രീമതി കെ. കെ. രമ</u>: സർ, പോലീസിന്റെ അമിതാധികാര പ്രയോഗങ്ങളും അതിന്റെ വാർത്തകളും അതിനിരയാക്കപ്പെടുന്ന സാധാരണ മനുഷ്യരുടെ ദയനീയമായ ജീവിതവും കേരളത്തിൽ തുടർക്കഥകളായി മാറുകയാണ്. ദളിതരായ മനുഷ്യർക്കുനേരെയാണ് വലിയ തോതിലുള്ള പ്രശ്നങ്ങൾ. പോലീസ് സ്റ്റേഷനിലൂൾപ്പെടെ പരാതികൾ കൊടുക്കാൻപോലും കഴിയാത്ത രൂപത്തിലേയ്ക്ക് വരികയാണ്. കഴിഞ്ഞ ദിവസം തെന്മലയിലെ രാജേഷിന്റെ കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ

പരാമർശം നാം കണ്ടതാണ്. അതുപോലെതന്നെ ആറ്റിങ്ങലിലെ പിങ്ക് പോലീസ് ഒരു പെൺകുട്ടിയുടെ നേരെ നടത്തിയ അക്രമത്തെക്കുറിച്ച് നമ്മൾ വാർത്തകളിൽ കണ്ടതാണ്. എന്തുകൊണ്ടാണ് പോലീസിന്റെ ഭാഗത്തുനിന്നും ദളിത് സമൂഹത്തിനുനേരെ ഇത്തരത്തിലുള്ള ആക്രമണ പരമ്പരകളുണ്ടാവുന്നതെന്നും ഇതുതടയാൻ എന്തു നിലപാടാണ് സർക്കാർ സ്വീകരിക്കുന്നതെന്നതുമാണെന്റെ ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പോലീസിന്റെ പൊതുമുഖം ഇതല്ല. പോലീസിന്റെ മുഖമായി ഇപ്പോൾ വന്നിട്ടുള്ളത് ആർത്തരെയും ആലംബഹീനരെയുമൊക്കെ വലിയതോതിൽ സഹായിക്കുന്നതാണ്. നമ്മുടെ നാടിന്റെ ദുരന്തഘട്ടങ്ങളിലൊക്കെ, കോവിഡ് കാലഘട്ടത്തിലടക്കം പോലീസ് സ്വീകരിച്ചിരുന്ന നിലപാട് എല്ലാവരും പ്രശംസിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പറഞ്ഞ തരത്തിലുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. അത് പോലീസിന്റെ ആകെയൊരു മുഖമാണെന്ന തരത്തിൽ നാം കാണേണ്ടതായിട്ടില്ല. ഒറ്റപ്പെട്ട രീതിയിൽ നടക്കുന്ന സംഭവങ്ങളെ അതീവ ഗൗരവമായിതന്നെയാണ് കാണുന്നത്. അതിൽ ഫലപ്രദമായ നടപടികൾ എടുത്തുവരുന്നുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ടി. പി. ചന്ദ്രശേഖരൻ വധക്കേസിന്റെ അന്വേഷണം ഏറെക്കുറെ കറകറ്റായിരുന്നുവെന്ന് ഭംഗ്യന്തരേണ അങ്ങ് അംഗീകരിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുകയും അങ്ങയെ അഭിനന്ദിക്കുകയും ചെയ്യുകയാണ്. എന്റെ പ്രധാനപ്പെട്ട ചോദ്യം; സ്ത്രീകൾക്കെതിരെയുള്ള അതിക്രമം കൂടി വരികയാണ്. സ്ത്രീകൾക്കെതിരായിട്ടുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനുവേണ്ടി ഇപ്പോൾ ഒരു ഡി. എസ്. പി.-യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീമിനെ അങ്ങ് നിയോഗിച്ചിട്ടുണ്ട്. എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലുള്ള ഒരു സ്പെഷ്യൽ ടീം നേരത്തെയുണ്ടായിരുന്നു. ആ സ്പെഷ്യൽ ടീമിനെ ഒഴിവാക്കിയിട്ട് ഒരു എസ്.പി-യുടെ നേതൃത്വത്തിലേയ്ക്ക് തരംതാഴ്ത്തുന്നതിനുള്ള കാരണമെന്താണ്; നമ്മുടെ നാട്ടിലുള്ള സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കുറഞ്ഞതുകൊണ്ടാണോ; അതോ ഈ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ ലിമിറ്റുണ്ടാക്കുന്നതിനുവേണ്ടിയാണോ ഈ തീരുമാനമെടുത്തതെന്ന് അങ്ങ് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗത്തെത്തന്നെയാണ് ഞാൻ ഉദ്ദേശിച്ചത്. ടി. പി. ചന്ദ്രശേഖരന്റെ

വധക്കേസിനെക്കുറിച്ച് പറയുമ്പോൾ അത് അദ്ദേഹത്തിന് കൊണ്ടുവെന്നു തന്നെയാണ് മനസ്സിലാകുന്നത്. അതിനെക്കുറിച്ച് കൂടുതൽ ഞാൻ പോകുന്നില്ല. അന്ന് എന്തൊക്കെയാണ് നടത്തിയതെന്ന് അങ്ങേയ്ക്ക് നല്ലതുപോലെ അറിയാമായിരുന്നു. നിങ്ങളുടെകൂടെ അന്ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രിയുമുണ്ടായിരുന്നല്ലോ; എന്തൊക്കെ നടന്നുവെന്നുള്ളത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അദ്ദേഹം ചോദിച്ച ചോദ്യം നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോൾ അതിനകത്ത് കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് നീങ്ങേണ്ട ഒരു ഘട്ടംവന്നു. അതിൽ ചില ആത്മഹത്യകൾ വരുന്നു. അത്തരമൊരു ഘട്ടത്തിൽ യുവതികൾക്ക് പരാതിപ്പെടാനുള്ള കേന്ദ്രം അത് ഒന്നുരണ്ട് കേന്ദ്രങ്ങളായിട്ടു വന്നു. പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ അതുമായി ബന്ധപ്പെട്ട സംവിധാനമുണ്ടായി, അതിനു മുറമേ ഈ പറഞ്ഞ രീതിയിൽ ഒരു വനിതാ എസ്.പി.-യെ പ്രത്യേകമായിത്തന്നെ ഇതിന് ചുമതലപ്പെടുത്തുകയുമുണ്ടായി. അതാണ് സംഭവിച്ചത്. അതിന്റെ ഫലമായി നല്ല ഇടപെടലുകൾ ഇപ്പോൾ നടന്നുവരുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിചാരണ കൂടാതെ 180 ദിവസം പ്രതികളെ കരുതൽ തടവിൽ വയ്ക്കുന്ന ഈ നിയമത്തെ സംബന്ധിച്ച് പത്രവാർത്ത വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസ് ഇങ്ങനെയൊരു ഫയലില്ലെന്ന രീതിയിൽ കുറിപ്പ് കൊടുത്തു. എന്നാൽ ഫയൽ നമ്പർ Home M2149/21/ Home, Opening date 22-06-2021 Opening Time: 12.33 ഈ ഫയൽ ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി ഹോം, ജോയിന്റ് സെക്രട്ടറി തുടങ്ങിയവർ കണ്ടതായി ചില പത്രങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിങ്ങളുടെ പാർട്ടി എതിർക്കുന്ന UAPA നിയമം, 180 ദിവസം വിചാരണകൂടാതെ തടവിൽ വയ്ക്കുന്ന നിയമം തുടങ്ങി ഇതുപോലുള്ള കരിനിയമങ്ങൾ സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ്; ഇങ്ങനെ ഒരു നിയമം കേരളത്തിൽ നടപ്പാക്കില്ലെന്ന് അങ്ങ് ഉറപ്പുനൽകുമോ?

ശ്രീ. പിണറായി വിജയൻ : സർ, നിയമം പാസ്സാക്കപ്പെട്ട കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിക്കുന്നതിൽ വിഷമമുണ്ട്. ഇന്ന് രാജ്യത്ത് നിലനിൽക്കുന്ന ഒരു നിയമമാണ് UAPA. അതുമായി ബന്ധപ്പെട്ട നടപടികൾ എങ്ങനെയെന്നത് ആ നിയമത്തെ ആശ്രയിച്ചാണ്

നിൽക്കുന്നത്. എന്നാൽ ഒരു പുതിയ നിയമം വരുമ്പോൾ അതിൽ പൗരാവകാശ ധ്വംസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉണ്ടാകാതിരിക്കുക എന്നത് വളരെ പ്രധാനമാണ്. അതുതന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. അതുകൊണ്ടുതന്നെയാണ് ഇത്തരം ഒരു അഭിപ്രായവുമായി വന്ന ഘട്ടത്തിൽ വിശദമായൊരു പരിശോധന നടക്കട്ടെയെന്ന് തീരുമാനിച്ചത്. ആ പരിശോധനയുടെ ഭാഗമായ റിപ്പോർട്ട് കിട്ടിയതിനുശേഷമേ അതിനോടുള്ള സമീപനം സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് വ്യക്തമാക്കാനുള്ള കാര്യം ഇക്കാര്യത്തിൽ ഒരാശങ്കയും വേണ്ടതില്ല, ഇവിടെ പൗരാവകാശ ധ്വംസനത്തിന്റേതായ ഒരു ഭാഗവും അംഗീകരിക്കുന്ന സർക്കാരല്ല ഇന്നുള്ളത്.

ശ്രീ. എം. രാജഗോപാലൻ: സർ, Polite, Obedient, Loyalty, Intelligence, Courage, Efficiency തെളിയിക്കത്തക്കരീതിയിലേയ്ക്കുള്ള കരുത്താണ് കേരള പോലീസിന് ഈ ഗവൺമെന്റ് പകർന്നുകൊടുത്തിരിക്കുന്നത്. എന്റെ ചോദ്യം, കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ വിശേഷിച്ചും സംസ്ഥാനത്തെ പൊതുവെയും വലിയ തോതിൽ വിവാദം സൃഷ്ടിച്ച സംഘടിത കുറ്റകൃത്യമായിരുന്ന ഫാഷൻ ഗോൾഡ് ജ്വല്ലറി

തട്ടിപ്പ്. ഒരു രാഷ്ട്രീയ പാർട്ടിയിലെ പല പ്രമുഖരും ഇതിൽ പ്രതികളാണ്. തങ്ങളുടെ സമ്പാദ്യം മുഴുവൻ ജ്വല്ലറി നിക്ഷേപത്തിന്റെ പേരിൽ തട്ടിപ്പറിക്കപ്പെട്ട കുടുംബങ്ങൾക്ക് പ്രതികളിൽനിന്നും നഷ്ടപരിഹാരം ഈടാക്കി നൽകാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ : സർ, അതുമായി ബന്ധപ്പെട്ട നിയമ നടപടികൾ ശക്തമായി സ്വീകരിച്ചുവരികയാണ്. ഈ കേസ് കോടതിയിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായ നടപടികൾ ദ്രുതഗതിയിൽ നീക്കാനാവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വളരെ ഗൗരവമായ ഒരു ചോദ്യത്തിനാണ് മറുപടി പറഞ്ഞത്. ഇപ്പോൾ സംസ്ഥാനത്തുതന്നെ IPC-യിലും Cr.Pc-യിലും സംഘടിത കുറ്റകൃത്യങ്ങൾ തടയാനുള്ള ഫലപ്രദമായ വകുപ്പുകൾ നിലനിൽക്കുമ്പോൾ ഇങ്ങനെയൊരു നിയമം കൊണ്ടുവരാനുള്ള ചേതോവികാരമെന്താണ്; വിചാരണ കൂടാതെ ഒരു വ്യക്തിയെ 180 ദിവസം തടങ്കലിൽ പാർപ്പിക്കുകയെന്നത് പൗരാവകാശങ്ങളുടെ നഗ്നമായ ലംഘനം തന്നെയാണ്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇങ്ങനെയൊരു നിയമനിർമ്മാണം

കൊണ്ടുവരാനുള്ള വികാരമെന്താണ്; അതിന്റെ പിന്നിലുള്ള ആലോചനയുടെ കാരണമെന്താണ്; പൗരാവകാശങ്ങൾ ധ്വംസിക്കില്ലെന്ന് അങ്ങ് പറഞ്ഞു. പൗരാവകാശങ്ങൾ ധ്വംസിക്കുന്നതിന്റെ പ്രധാനപ്പെട്ട തെളിവാണ് വിചാരണ കൂടാതെ ഒരാളിനെ 180 ദിവസം തടവിൽപാർപ്പിക്കുന്നത്. ഒരാളിനെ വിചാരണ കൂടാതെ 90 ദിവസം തടവിൽ പാർപ്പിക്കാനുള്ള നിയമം നിലവിലുണ്ട്. അതിന് വ്യത്യസ്തമായൊരു നിയമനിർമ്മാണത്തെപ്പറ്റി ഗവൺമെന്റിന്റെ ആലോചനയിൽ വരാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ഈ നിയമത്തെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ് ?

ശ്രീ. പിണറായി വിജയൻ : സർ, ബഹുമാനപ്പെട്ട അംഗം വീണ്ടും തെറ്റിദ്ധരിച്ചിരിക്കുകയാണ്. ഉത്തരവാദിത്തപ്പെട്ട കേന്ദ്രത്തിൽനിന്നും ഒരഭിപ്രായം ഗവൺമെന്റിന്റെ മുന്നിൽവന്നു. അതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഒരു നിലപാടെടുത്തുകഴിഞ്ഞിട്ടില്ല. അതിനെക്കുറിച്ച് കൂടുതൽ പഠിക്കേണ്ടതുണ്ടെന്നുതന്നെയാണ് ഗവൺമെന്റിനും തോന്നിയത്. അതിന്റെ ഭാഗമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സമിതിതന്നെ ഇക്കാര്യം പരിശോധിക്കട്ടെയെന്നുവച്ചത്. ആ പരിശോധനാ റിപ്പോർട്ട്

ലഭിച്ചതിനുശേഷം മാത്രമേ നിയമം വേണമോ വേണ്ടയോയെന്ന കാര്യം വരുന്നുള്ളൂ. ഇപ്പോൾ നിയമവുമായി ബന്ധപ്പെട്ട ഒരു നടപടിയും നമ്മുടെ മുന്നിലില്ല. ആ റിപ്പോർട്ട് ലഭിച്ചതിനുശേഷം തീരുമാനിക്കേണ്ട കാര്യമാണത്. അതിനെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. ഒരാശങ്കയും വേണ്ടതില്ല, ഒരു തരത്തിലുള്ള പൗരാവകാശ ധ്വംസനവും കേരളത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. അത്തരമൊരു നിയമവുമുണ്ടാകില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ ഒരു ആശയക്കുഴപ്പമുണ്ട്. സംസ്ഥാന ഗവൺമെന്റിന് ഇങ്ങനെയൊരു താൽപ്പര്യമില്ലെന്നുപറഞ്ഞു. സത്യത്തിൽ ആഭ്യന്തര വകുപ്പാണ് ഇങ്ങനെയൊരു നിയമമുണ്ടാക്കി നിയമ വകുപ്പിന് പരിശോധനയ്ക്ക് അയയ്ക്കേണ്ടത്. ആഭ്യന്തര വകുപ്പ് ഒരു കരട് നിയമമുണ്ടാക്കി അയയ്ക്കുമ്പോൾ ആ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി അറിഞ്ഞില്ലെന്നും ആ വകുപ്പിന് അങ്ങനെയൊരു താൽപ്പര്യമില്ലെന്ന് പറയുന്നതിനെക്കുറിച്ച് മനസിലാകുന്നില്ല. ഇത് എവിഡന്റ്സ് ആക്റ്റിനും കേന്ദ്ര നിയമങ്ങൾക്കും എതിരാണെന്നും അതുകൊണ്ടുതന്നെ ഇത് നിയമപരമായി നിലനിൽക്കില്ലെന്നും പറഞ്ഞ് നിയമ വകുപ്പ് മടക്കിയപ്പോഴാണ്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരന്വേഷണ സമിതിയെ വച്ചത്. ഇവിടെ യാതൊന്നും ധ്വംസിക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. അലനും താഹയുമൊക്കെ നമ്മുടെ മുന്നിലുണ്ട്.

മി. സ്പീക്കർ: യെസ്.... അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ

ശ്രീ. എൻ. ഷംസുദ്ദീൻ: ഇവിടെ സി.പി.ഐ.(എം)-ന്റെ നിലപാട് TADA-യ്ക്കും MISA (Maintenance of Internal Security Act) - യ്ക്കും UAPA-യ്ക്കും എതിരാണെന്നാണ് പറയുന്നത്. ഒരാവശ്യവുമില്ലാതെ ഇങ്ങനെയൊരു നിയമനിർമ്മാണം കേരളത്തിൽ കൊണ്ടുവരാൻ അങ്ങയുടെ കീഴിലുള്ള ഡി.ജി.പി. ലോക്നാഥ് ബഹ്റയാണ് കരട് തയ്യാറാക്കി അയച്ചതെന്ന് അറിയുന്നു. ഇന്ന് അതിനുള്ള സാഹചര്യം കേരളത്തിലുണ്ടോ? മഹാരാഷ്ട്രയിലും ഉത്തർപ്രദേശിലുമൊക്കെയാണ് ഇത്തരത്തിലുള്ള നിയമനിർമ്മാണങ്ങളുണ്ടായിട്ടുള്ളത്. അത്തരമൊരു സാഹചര്യം നമ്മുടെ കൊച്ചുകേരളത്തിലുണ്ടോയെന്ന് അങ്ങ് വ്യക്തമാക്കണം; അതുപോലെ ഇവിടെ ചോദ്യം ചോദിക്കുമ്പോൾ കുറേ രാഷ്ട്രീയ ആരോപണങ്ങളുന്നയിക്കുകയാണ്. ഫാഷൻ ഗോൾഡ് ഒരു ബിസിനസ്

തകർന്നതാണ്. അല്ലാതെ അതൊരു സംഘടിത ക്രൈമായിരുന്നില്ല. അതും ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം.

<u>ശ്രീ. പിണറായി വിജയൻ</u> : സർ, കുറ്റവാളികളെ സംരക്ഷിക്കാൻ പരസ്യമായി പുറപ്പെടരുത്. ഫാഷൻ ഗോൾഡ് ജ്വല്ലറി തട്ടിപ്പ് ബിസിനസ് തകർന്നിട്ടാണപോലും, ആളുകളെ വഞ്ചിച്ച് പണവും തട്ടിയെടുത്തശേഷം പിന്നെയും അവരെ ന്യായീകരിക്കുന്നു. ഇത്തരം കാര്യങ്ങൾക്ക് നാണം വേണ്ടേ; ഇതിന് ചൂടായില്ലെങ്കിൽ പിന്നെ എന്തിനാണ് ചൂടാകേണ്ടത്? ഇത്രയും പരസ്യമായി നടന്ന തട്ടിപ്പിനെ ന്യായീകരിക്കാൻ സഭയിലെ ഒരംഗം തയ്യാറാകുകയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്; ഞാൻ നേരത്തെ വ്യക്തമാക്കിയത്, ഇത് ആഭ്യന്തര വകുപ്പിന്റെ പ്രൊപ്പോസലല്ല. അന്നത്തെ സംസ്ഥാന പോലീസ് മേധാവി അയച്ച ഒരു പ്രൊപ്പോസലാണ്. അതുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് കൊടുത്തുവെന്നത് ശരിയാണ്. ആ പരിശോധനയാണ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടക്കുന്നത്. അക്കാര്യങ്ങളൊക്കെ ഞാൻ നേരത്തെ വ്യക്തമാക്കിക്കഴിഞ്ഞു. അത് വീണ്ടും ആവർത്തിക്കേണ്ടതില്ല.

## മാലിന്യസംസ്കരണം

**(*153)** ശ്രീ. ജി സ്റ്റീഫൻ:
ശ്രീ. ടി. പി .രാമകൃഷ്ണൻ :
ശ്രീ എം മുകേഷ് :
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഉറവിട മാലിന്യസംസ്കരണം ഫലപ്രദമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) മാലിന്യരഹിത കേരളം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ഹരിത കർമസേനയുടെ പ്രവർത്തനം എല്ലാ പ്രദേശത്തേയ്ക്കും വ്യാപിപ്പിക്കാനായിട്ടുണ്ടോ; അതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും നഗരസഭകളിലും ഖരമാലിന്യ സംസ്കരണത്തിന് ലോകബാങ്ക് സഹായം ലഭ്യമായിട്ടുണ്ടോ;

പ്രസ്തുത പദ്ധതി പരിസ്ഥിതി സൗഹൃദപരമായി നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ നാളിതുവരെയുള്ള ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ അവസ്ഥ വിലയിരുത്തൽ 2021 ഏപ്രിൽ മാസത്തിൽ നടത്തിയിട്ടുണ്ട്. ആയതിനായി 08-04-2021-ൽ വകുപ്പ്/മിഷൻ മേധാവികളുടെ യോഗത്തിൽ തീരുമാനിച്ച പ്രകാരം ബ്ലോക്ക്-നഗരസഭാതലങ്ങളിൽ ഉദ്യോഗസ്ഥരും റിസോഴ്സ് പേഴ്സൺമാരുമടങ്ങുന്ന വിലയിരുത്തൽ ടീമിനെ അന്ന് രൂപീകരിച്ചിരുന്നു. സർക്കാർ പുറത്തിറക്കിയ വിലയിരുത്തൽ സൂചിക പ്രകാരം പരിശീലനം ലഭിച്ച ടീം അംഗങ്ങൾ 08-04-2021 മുതൽ 13-04-2021 വരെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നേരിട്ട് വിലയിരുത്തൽ നടത്തുകയും, ശുചിത്വമാലിന്യ സംസ്കരണ പ്രക്രിയയുടെ ഭാഗമായ ഹരിതകർമ്മസേനാംഗങ്ങൾ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തിയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ നേരിട്ട് സന്ദർശിക്കുകയും അതിന്റെ

അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14 ജില്ലകളിലെയും എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും മാലിന്യ സംസ്കരണ പ്രവർത്തനം അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ വിലയിരുത്തുകയും ആയതിന്റെ വിപുലമായ സംസ്ഥാനതല റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാലിന്യ സംസ്കരണ പ്രവർത്തനം മെച്ചപെടുത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനതല മാലിന്യ സംസ്കരണ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുകയും അതിന്റെ സമയബന്ധിത പുരോഗതി വകുപ്പും ശുചിത്വമിഷൻ തലത്തിലും വിലയിരുത്തുകയും ചെയ്തിരുന്നു.

(ബി) വ്യാപിപ്പിക്കാനായിട്ടുണ്ട്. നിലവിൽ 987 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നുണ്ട്. ആയതിൽ 899 ഗ്രാമ പഞ്ചായത്തിലും 88 നഗരസഭകളിലുമാണ് ഹരിതകർമ്മസേന ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. 3065 ഹരിതകർമ്മസേന സംരംഭങ്ങൾ കുടുംബശ്രീയിൽ സൂക്ഷ്മസംരംഭമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനതലത്തിൽ ഹരിത കർമ്മസേന

പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം നൽകുകയും, ഹരിത കർമ്മസേനയ്ക്ക് അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതോടൊപ്പം, യൂസർഫീ നൽകണമെന്നുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വീടുകൾ, കടകൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ആവശ്യമായ ഹരിതകർമ്മസേന അംഗങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനം വഴി കണ്ടെത്തി, അവർക്കാവശ്യമായ പരിശീലനം കില, ഹരിത കേരള മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ എന്നിവയിലൂടെ സംയുക്തമായി നടത്തിവരുന്നു. ഹരിതകർമ്മസേന അംഗങ്ങൾ ശേഖരിക്കുന്ന യൂസർഫീ ഹരിതകർമ്മസേന കൺസോർഷ്യം അക്കൗണ്ടിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അധിക വരുമാന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള വൈദഗ്ധ്യ പരിശീലനവും ഹരിതകർമ്മസേന അംഗങ്ങൾക്ക് കുടുംബശ്രീ നൽകിവരുന്നുണ്ട്.

(സി) ലോക ബാങ്ക് സഹായം ലഭ്യമായിട്ടുണ്ട്. കേരളത്തിലെ നഗരങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളായ മാലിന്യ സംസ്കരണം,

സാനിട്ടേഷൻ എന്നീ മേഖലകളിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുകയെന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ആറ് വർഷമാണ് പദ്ധതി കാലയളവ്. പദ്ധതിയുടെ അടങ്കൽ തുക 300 മില്യൺ US ഡോളർ ആണ് (2236 കോടി രൂപ). പ്രസ്തുത പദ്ധതിവഴി കേരളത്തിലെ നഗരസഭകൾക്ക് ബജറ്റ് വിഹിതത്തിന് പുറമേയാണ് ലോകബാങ്ക് സഹായം നൽകുന്നത്. ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ലോകബാങ്കുമായുള്ള എഗ്രിമെൻറ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. എഗ്രിമെന്റ് ഒപ്പിട്ടതിനുശേഷം മാത്രമേ ധനസഹായം ലഭ്യമാവുകയുള്ളൂ. വേൾഡ് ബാങ്ക്, കേരള സർക്കാർ, കേന്ദ്ര സർക്കാർ എന്നിവരുമായി 2021 നവംബർ മാസത്തിൽ എഗ്രിമെന്റിൽ ഒപ്പിടാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പരിസ്ഥിതിക്ക് യാതൊരുവിധ ആഘാതവും ഉണ്ടാക്കാതെ പരിസ്ഥിതി സൗഹൃദമായി നടപ്പിലാക്കാൻ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിലേയ്ക്കായി എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റും നടന്നുവരികയാണ്.

ശ്രീ. ജി. സ്റ്റീഫൻ : സർ, ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ബയോ ബിൻ എന്ന പേരിലുള്ള കമ്പോസ്റ്റിംഗ് രീതിയിൽ കൃത്യമായ ശ്രദ്ധ നൽകിയില്ലെങ്കിൽ പുഴുക്കൾ ഉണ്ടാകുന്നതുകൊണ്ട് പലരും ബയോ ബിന്നുകൾ ഉപയോഗിക്കാതെ മാറ്റി വയ്ക്കുകയും ചെയ്തിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചകിരിച്ചോറും പേപ്പറുമിട്ട് ഈ പ്രശ്നം പരിഹരിക്കാമെങ്കിലും ജലാംശം കുറഞ്ഞാൽ കമ്പോസ്റ്റിംഗ് നടക്കില്ല. ജലാംശം കൂടിയാൽ ദുർഗന്ധമുണ്ടാകുകയും ചെയ്യും. ഈ പ്രശ്നം പരിഹരിക്കുന്നതിനായി മറ്റെന്തെങ്കിലും മാർഗ്ഗങ്ങൾ സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഉറവിട സംവിധാനത്തിൽ തന്നെ നിരവധി മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ടാണ് കേരളത്തിലുടനീളം മാലിന്യ സംസ്കരണ പരിപാടി ഫലപ്രദമായി ഇപ്പോൾ നടന്നുവരുന്നത്. നിരന്തരമായ ശ്രദ്ധ വേണ്ട ഒന്നാണ് ബയോ ബിൻ പരിപാടി. തദ്ദേശഭരണ സ്ഥാപനങ്ങളും ശുചിത്വമിഷനും ചേർന്നുകൊണ്ട് അതിനാവശ്യമായ രീതിയിൽ ശ്രദ്ധ നൽകുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സർക്കാർ തയ്യാറാണ്. ഉറവിട മാലിന്യ

സംസ്കരണവുമായി ബന്ധപ്പെട്ട് മറ്റ് വിവിധ പദ്ധതികളും ഇപ്പോൾത്തന്നെ നടത്തിവരുന്നുണ്ട്. അതൊക്കെ ശക്തിപ്പെടുത്താൻ കഴിയണമെന്നു തന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. ജി. സ്റ്റീഫൻ : സർ, മാലിന്യ മുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് വിവിധ പദ്ധതികൾ തദ്ദേശസ്വയംഭരണം വകുപ്പ് ചെയ്തുവരുന്നുവെന്നത് അഭിനന്ദനാർഹമാണ്. എന്നാൽ സ്ഥിരമായി മാലിന്യ മുക്ത പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടും മാലിന്യ സംസ്കരണ പ്രോജക്റ്റുകൾ യാഥാർത്ഥ്യമാക്കാത്തതും ശുചിത്വപദവി നേടാത്തതുമായ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് പരിശോധിക്കുകയും അവരെയും ഈ നേട്ടം കൈവരിക്കുന്നതിന് പ്രാപ്തമാക്കാൻ സർക്കാർ സജീവമായ എന്തെങ്കിലും ഇടപെടലുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, കേരളത്തെ മാലിന്യമുക്തമാക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. അടുത്ത അഞ്ചുവർഷം കൊണ്ട് നഗരങ്ങളും ഗ്രാമങ്ങളും ഉൾപ്പെടെ കേരളത്തിൽ മൊത്തത്തിൽ മാലിന്യ മുക്തമാക്കുന്നതിനുവേണ്ടിയുള്ള

പ്രവർത്തനങ്ങളാണ് ഇപ്പോൾ ആസൂത്രണം ചെയ്തിട്ടുള്ളത്. അമൃത് പദ്ധതിയുടെ ഭാഗമായി മൂവായിരത്തോളം കോടി രൂപയുടെ ശുദ്ധജലവിതരണ പദ്ധതിയും ദ്രവമാലിന്യ സംസ്കരണ പരിപാടികളും വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി 2500 കോടി രൂപയുടെ വളരെ ശാസ്ത്രീയ പദ്ധതിയും കൂടിച്ചേർത്ത് 5 വർഷംകൊണ്ട് കേരളത്തെ മാലിന്യമുക്തമാക്കാൻ സാധിക്കുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. നടന്നുവരുന്ന പ്രോജക്ടുകളെ സംബന്ധിച്ച് നേരിട്ട് യോഗം വിളിച്ചുചേർത്ത് പരിശോധിച്ചിട്ടുണ്ട്. അമൃത് പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ഈ ഒക്ടോബർ മാസം മുതൽ പുനരാരംഭിക്കുകയാണ്. അതിന്റെ ഭാഗമായി, നമുക്ക് ചില സഹായങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായും ലഭിക്കും. ഇതെല്ലാം കൂടിച്ചേർന്ന് നല്ല നിലയിൽ മുന്നോട്ടുപോകുന്നതിന് എല്ലാ ജനപ്രതിനിധികളുടെയും പരിപൂർണ്ണമായ പിന്തുണയുണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u> : സർ, ജൈവ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി മാർക്കറ്റുകൾ, കോളനികൾ, റസിഡന്റ്സ് അസോസിയേഷനുകൾ

തുടങ്ങിയ സ്ഥലങ്ങളിൽ കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ജൈവമാലിന്യം നീക്കം ചെയ്യുന്നതിന്റെയും സംസ്കരിക്കുന്നതിന്റെയും കാര്യം ഞാൻ നേരത്തെ തന്നെ പറയുകയുണ്ടായി. യഥാർത്ഥത്തിൽ മാലിന്യങ്ങൾ എന്നുപറയുന്നത് മൂല്യവത്തായ സ്വത്തായിട്ടാണ് ഇപ്പോൾ കാണുന്നത്. മുൻ കാലങ്ങളിലേതുപോലെ മാലിന്യങ്ങൾ എങ്ങനെ നീക്കം ചെയ്യുവെന്നതല്ല, മാലിന്യങ്ങളെ ഇപ്പോൾ മൂല്യമുള്ളതായിട്ടാണ് കണക്കാക്കുന്നത്. മാലിന്യങ്ങൾ നമുക്ക് ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. അതിന്റെ ഭാഗമായിട്ടാണ് കമ്പോസ്റ്റിംഗ് ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ നമ്മൾ പ്രവർത്തിച്ചുവരുന്നത്. മാലിന്യങ്ങളെ ഉപയോഗിച്ച് വിവിധ തലങ്ങളിൽ ഊർജ്ജമാക്കുന്നതിനും വളമാക്കുന്നതിനും സാധിക്കും, മറ്റ് വിവിധ തലത്തിൽ അതിനെ മാറ്റിത്തീർക്കാൻ സാധിക്കുമെന്നാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഇതിൽ നിന്നും നമുക്ക് പണം തിരിച്ചുകിട്ടുന്ന അവസ്ഥകൂടി ഉണ്ടാകുന്നുണ്ട്.

ശ്രീ. എം. മുകേഷ്: സർ, കേന്ദ്രീകൃത മാലിന്യസംസ്കരണത്തിനായി

കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ കൊല്ലം നഗരത്തിലെ കുരീപ്പുഴയിൽ നടപ്പാക്കുന്നതിനായി ആസൂത്രണം ചെയ്തിട്ടുള്ള മാലിന്യ സംസ്കരണ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഓരോ പദ്ധതിയെ സംബന്ധിച്ചിടത്തോളം അവലോകനം നടത്തി വളരെ വേഗം തന്നെ ലക്ഷ്യത്തിൽ എത്തുന്നതിനുവേണ്ടിയുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ രീതിയിൽ തന്നെ കൊല്ലം നഗരവുമായി ബന്ധപ്പെട്ട മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ കെ.എസ്.ഐ.ഡി.സി.-യുടെ പ്രോജക്ടും വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്തണം എന്നുതന്നെയാണ് ഗവൺമെന്റ് കാണുന്നത്. ആ തരത്തിലുള്ള നീക്കമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ : സർ, കൊച്ചി മഹാനഗരമായി വളരുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള നഗരമായി ഉയർത്തുമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. കൊച്ചിയിൽ വരുന്ന കപ്പലുകളിൽ നിന്നുള്ള മാലിന്യങ്ങൾ എങ്ങനെയാണ് സംസ്കരിക്കുന്നത്;

കണ്ടെയ്നറുകളിൽ തന്നെ അയയ്ക്കുന്ന ഒരു സ്ഥിതിയുണ്ട്. പ്രത്യേകിച്ചും മൂന്നാംലോക രാജ്യങ്ങളിൽ ഈ മാലിന്യങ്ങൾ തള്ളുന്ന ഒരു സ്ഥിതിയുണ്ട്. പലപ്പോഴും ഇതിനുവേണ്ടി പ്രവർത്തിക്കുന്ന ഏജൻസികളും മറ്റും കടലിൽ മാലിന്യങ്ങൾ കൊണ്ടുപോയി തള്ളുന്ന സ്ഥിതിയുമുണ്ട്. ഈ മാലിന്യങ്ങൾ ഫോർട്ട് കൊച്ചി കടപ്പുറത്ത് അടിഞ്ഞുകൂടുന്ന സ്ഥിതിയുമുണ്ട്. അത് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ പഠന വിധേയമാക്കുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. കപ്പലുകളിൽ നിന്നുള്ള മാലിന്യങ്ങൾ മാത്രമല്ല, കപ്പലുകളിൽ തന്നെ മാലിന്യം കൊണ്ടുവന്ന് തള്ളുന്ന സ്ഥിതി കേരളം ശ്രദ്ധിച്ചിട്ടുള്ളതാണ്. തീർച്ചയായും ഇത്തരം മാലിന്യങ്ങൾ കടലിലേയ്ക്ക് ഒഴുക്കാൻ പാടില്ല. മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കാൻ സാധിക്കേണ്ടതുണ്ട്. ലോകത്തുതന്നെ ഏറ്റവും ശ്രദ്ധേയമായ, വളരുന്ന ഒരു പട്ടണമാണ് കൊച്ചി എന്നുപറയുന്നത്. അതിന്റെ സൗന്ദര്യം നിലനിർത്താനും അതുപോലെതന്നെ മാലിന്യമുക്തമായ കൊച്ചിയെ ഫലപ്രദമായി മുന്നോട്ടുനയിക്കാനും ഉതകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് കൊച്ചി നഗരസഭയുമായും കോർപ്പറേഷനുമായി

ബന്ധപ്പെട്ടുകൊണ്ട് ഇപ്പോൾ പ്ലാൻ ചെയ്തിട്ടുള്ളത്. അതിനാവശ്യമായ രീതിയിൽ ഫലപ്രദമായ ഇടപപെടൽ നടത്തിയിട്ടുണ്ട്. അവിടത്തെ ജനപ്രതിനിധികളെയും ഉദ്യോഗസ്ഥന്മാരെയും മാത്രം വിളിച്ചുചേർത്ത് കൊച്ചി പട്ടണത്തിന്റെ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തുകഴിഞ്ഞിട്ടുണ്ട്. ലോകത്തെ തന്നെ ഏറ്റവും പ്രധാനപ്പെട്ട സൗന്ദര്യമുള്ള വളരുന്ന ഒരു നഗരമെന്ന നിലയിൽ ഇനിയും നമുക്ക് കൊച്ചി പട്ടണത്തെ കണ്ടുകൊണ്ട് കൈകാര്യം ചെയ്യാൻ സാധിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, കൊച്ചി നഗരത്തെ വളരുന്ന ഒരു നഗരമായി കണ്ടുകൊണ്ട് പ്രവർത്തിക്കുമെന്ന് സൂചിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ വിശാലമനസ്കതയെ ഞാൻ അങ്ങേയറ്റം സ്വാഗതം ചെയ്യുന്നു. കൊച്ചി നഗരം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മാലിന്യസംസ്കരണം തന്നെയാണ്. മാലിന്യസംസ്കരണത്തിനായി ബ്രഹ്മപുരത്ത് ഏകദേശം 108 ഏക്കറോളം സ്ഥലം നഗരസഭയുടേതായി സ്ഥിതി ചെയ്യുന്നുണ്ട്. അവിടെ ഒരു ജൈവ മാലിന്യപ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആ പ്രവർത്തനം നിശ്ചലമായി നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലഘട്ടത്തിൽ വേസ്റ്റ് ടു എനർജി പ്ലാന്റ്

പദ്ധതി ആവിഷ്കരിക്കുകയും സമയബന്ധിതമായി പദ്ധതി ആരംഭിക്കാൻ കഴിയാത്തതുമൂലം ആ കരാർ റദ്ദ് ചെയ്യുകയും ചെയ്തു. പുതിയ പദ്ധതികൾ സമയബന്ധിതമായി തുടങ്ങുന്നതിനാവശ്യമായ എന്ത് നടപടികളാണ് ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ളത്?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കൊച്ചി നഗരത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ കാഴ്ചപ്പാടാണ് ഞാൻ ആദ്യംതന്നെ വിശദീകരിച്ചത്. ബ്രഹ്മപുരം പദ്ധതി ഉൾപ്പെടെ ഖര-ദ്രവ മാലിന്യത്തിനായി നിരവധി പദ്ധതികളുണ്ട്. ഓരോ പദ്ധതിയെ സംബന്ധിച്ചും ഇപ്പോൾ റിവ്യൂ നടത്തിയിട്ടുണ്ട്. എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. കൃത്യമായി സമയക്രമം നിശ്ചയിച്ച്, ടാർജറ്റ് നൽകി ഇപ്പോൾ പ്രവർത്തനം നടന്നുവരികയാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, ലോകം ഇന്ന് ഉപഭോക്തൃ സംസ്കാരത്തിലേയ്ക്ക് പോകുകയാണ്. വിവിധ കമ്പനികൾ ഉല്പന്നങ്ങൾ ഉൽപാദിപ്പിച്ച് മാർജ്ജിൻ ഫ്രീ മാർക്കറ്റിലൂടെ/ഷോപ്പിംഗ് കോംപ്ലക്സിലൂടെ വിറ്റഴിക്കുകയാണ്. ഇതുവഴി ധാരാളം പാക്കിംഗ് വേസ്റ്റുകളുണ്ടാകുകയാണ്.

ഇന്ത്യയിൽത്തന്നെ ആദ്യമായി Extended Producer Responsibility (EPR) തിരുവനന്തപുരത്താണ് നടപ്പിലാക്കിയത്. ഇത്തരത്തിലുള്ള കമ്പനി പ്രതിനിധികളുമായി ചർച്ച ചെയ്ത്, അവരുടെ ഉല്പന്നങ്ങളുടെ വേസ്റ്റ് അവരെ കൊണ്ടുതന്നെ ശാസ്ത്രീയമായി സംസ്കരിപ്പിക്കുന്നതിന് ഏതെങ്കിലും രീതിയിലുള്ള ചർച്ച ഗവൺമെന്റ് തലത്തിൽ നടത്താൻ തയ്യാറാകുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. വികസിതമാകുന്നൊരു നാട്ടിൽ ആധുനിക രീതിയിലുള്ള പ്രവർത്തനങ്ങളാണ് എല്ലാമേഖലയിലും നടന്നുവരുന്നത്. അതിലേറ്റവും പ്രധാനപ്പെട്ടതാണ് ഉപഭോക്തൃ സംസ്കാരത്തിന്റെ ഭാഗമായിവരുന്ന വിവിധ തലങ്ങളിലുള്ള പാക്ക് ചെയ്ത് വരുന്നതുൾപ്പെടെയുള്ള വേസ്റ്റുകൾ. അവയെ സംബന്ധിച്ച് ഒരുകാര്യം പൊതുവായി അംഗീകരിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങളിലുണ്ടാകുന്ന വേസ്റ്റുകൾ അവരവരുടെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കണമെന്ന കാര്യം ഇപ്പോൾ ചർച്ചചെയ്ത് തീരുമാനിച്ചിട്ടുള്ളതാണ്. അത് എവിടെയെങ്കിലും നടപ്പിലാകാതെ വരുന്നെങ്കിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കും. അവരുമായുള്ള ചർച്ച നടന്നുവരികയാണ്. പ്രസ്തുത ചർച്ചയുടെ ഒരു ഘട്ടം

പൂർത്തിയായിട്ടുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ജൈവമാലിന്യങ്ങൾ പരമാവധി ഉറവിടത്തിൽ സംസ്കരിക്കണമെന്ന് പറഞ്ഞാൽപ്പോലും ജനങ്ങൾ തയ്യാറാകുന്നില്ല. നമ്മുടെ ഭവനത്തിലെ ഏറ്റവും വലിയ മാലിന്യം നമ്മുടെ വിസർജ്ജ്യമാണ്. ഇതിന് ദുർഗന്ധമില്ലാതിരുന്നെങ്കിൽ ആളുകൾ പുറത്ത് വലിച്ചെറിയുമായിരുന്നു എന്നത് യാഥാർത്ഥ്യമാണ്. അതിനായി ലക്ഷക്കണക്കിന് രൂപ ചെലവഴിക്കുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്; മാലിന്യനിർമ്മാർജ്ജനം സംസ്കാരത്തിന്റെ ഭാഗമായി മാറുന്നില്ലെന്നതുകൊണ്ടാണ്. വിദ്യാലയങ്ങളിൽ ഇതുമായി ബന്ധപ്പെട്ട പാഠ്യപദ്ധതി തുടക്കം മുതൽ കൊണ്ടുവന്നാൽ ഭാവിയിലെങ്കിലും ഇക്കാര്യത്തിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. ഈ രീതിയിലുള്ളൊരു പദ്ധതി സർക്കാർ വിഭാവനം ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഞാൻ നേരത്തെ പറഞ്ഞ നിരവധി പ്രശ്നങ്ങളുടെ ഒരു ഭാഗമാണ്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുകയെന്നത് വളരെ പ്രയോജനകരമായ/കേന്ദ്രീകൃതമായ പദ്ധതിയുടെ ഭാഗമാണ്. ഇതിനെ

സംബന്ധിച്ച് ഗവൺമെന്റ് വിലയിരുത്തുന്നത് ഉറവിടത്തിൽത്തന്നെ മാലിന്യങ്ങൾ സംസ്കരിക്കാൻ സാധിക്കുന്നത്ര ഉറവിട സംസ്കരണത്തിന്റെ ഭാഗമായി നടക്കണമെന്നാണ്. അത് ഗ്രാമങ്ങളിൽ ഇപ്പോൾ സജീവമായി നടക്കുന്നുണ്ട്. പട്ടണപ്രദേശങ്ങളിലും ജനങ്ങൾ താമസിക്കുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ഇത് നടക്കുന്നുണ്ട്. എന്നാൽ വളരെ വേഗം വളർന്നുകൊണ്ടിരിക്കുന്ന പട്ടണത്തിൽ ജൈവമാലിന്യങ്ങൾ ധാരാളമായി കുന്നുകൂടുകയാണ്. സ്വാഭാവികമായും അതിനെ സംസ്കരിക്കേണ്ട കേന്ദ്രീകൃത സംവിധാനം വേണം. നാടിന്റെ ഒരു മനോഭാവം വളരെ ഗൗരവമുള്ള പ്രശ്നമായാണ് തോന്നുന്നത്. സാമൂഹ്യ ജീവിതത്തിന്റെ ഭാഗമായി പലപ്പോഴും അനുഭവപ്പെട്ടൊരുകാര്യം വ്യക്തി ശുചിത്വത്തിൽ മലയാളി എല്ലാകാലത്തും മുൻപന്തിയിലാണ്. എന്നാൽ വീട്ടിലും പരിസരത്തുമുണ്ടാകുന്ന മാലിന്യങ്ങളെല്ലാം പൊതിഞ്ഞുകെട്ടി ആൾപ്പാർപ്പുള്ളതും പട്ടണത്തിന്റെ സമീപത്തുള്ള മേഖലകളിലും, 'ഇവിടെ മാലിന്യങ്ങൾ നിക്ഷേപിക്കരുത്' എന്ന് എഴുതിവച്ചിട്ടും അങ്ങനെ നിക്ഷേപിക്കരുതെന്ന് എഴുതിവച്ചിരിക്കുന്ന സ്ഥലമാണ് നിക്ഷേപിക്കാൻ പറ്റിയസ്ഥലമെന്ന് കണ്ട് നിക്ഷേപിക്കുന്ന സ്ഥിതിയാണിപ്പോഴുള്ളത്. കാറിലും മോട്ടോർ ബൈക്കിലും

മറ്റുവാഹനങ്ങളിൽ വന്നുതന്നെ ഇത്തരം മാലിന്യം നിക്ഷേപിക്കുകയാണ്. ഈ സംസ്കാരം മാറണം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, പാഠ്യപദ്ധതിയിൽ ഈ വിഷയം ഉൾപ്പെടുത്തി സാമൂഹിക ജീവിതത്തിന്റെ ഭാഗമായി പരിപാലിക്കേണ്ട മാലിന്യമുക്തമായ കേരളത്തെ രൂപപ്പെടുത്തേണ്ടതിന്റെ ബാധ്യത ഒരു ധർമ്മമായി കാണേണ്ടതാണ്. പൊതുജനങ്ങൾ കാണിക്കേണ്ട പ്രധാനപ്പെട്ട ഉത്തരവാദിത്തമായി ഇതിനെ കാണേണ്ടതാണ്. മാലിന്യത്തിൽ നിന്ന് നമുക്ക് മോചനം എന്നകാര്യം വച്ചുകൊണ്ട് ചർച്ച ചെയ്യുമ്പോൾ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിസർജ്ജ്യമാലിന്യങ്ങൾ ഉൾപ്പെടെയുള്ളതെല്ലാം വളരെ ഫലപ്രദമായി സംസ്കരിക്കാനുള്ള പ്രവർത്തനമാണ് ഉദ്ദേശിക്കുന്നത്. പട്ടണങ്ങളിൽ പൂർണ്ണമായും ഈ വരുന്ന അഞ്ചുകൊല്ലം കൊണ്ട് നാനാ വിധത്തിലുള്ള ജൈവമാലിന്യങ്ങളെയും ദ്രവമാലിന്യങ്ങളെയും ഫലപ്രദമായി സംസ്കരിക്കാൻ കഴിയും. ബോധനിലവാരത്തിൽതന്നെ മാറ്റം വരുത്താനുള്ള ഫലപ്രദമായ ഇടപെടൽ വേണമെന്നുള്ളതാണ് ഇതിലൂടെ ചൂണ്ടിക്കാണിക്കപ്പെടുന്നത്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, കേരളം ജലസമൃദ്ധമാണെന്ന് അഭിമാനിക്കുമ്പോഴും നദികളും കായലുകളും മുതൽ ചെറിയ

നീർച്ചാലുകൾപോലും മലിനമാക്കപ്പെടുകയാണ്. ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് മാലിന്യം കടലിലും ഭൂഗർഭജലത്തിലും വിഷം നിറയ്ക്കുകയും ആവാസവ്യവസ്ഥ തകർക്കുകയുമാണ് പുണ്യനദിയെന്ന് വിശേഷിപ്പിക്കുന്ന പമ്പാനദിപോലും ഈ ദുരന്തത്തെ നേരിടുകയാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മുൻപുകാലങ്ങളിലുണ്ടായ ജനകീയാസൂത്രണത്തിന്റെ മാതൃകയിൽ ശാസ്ത്രീയവും ജനകീയവുമായ ബൃഹത് നദീസംരക്ഷണ പദ്ധതി നടപ്പിലാക്കുമോ?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, തീർച്ചയായും ആലോചിക്കാവുന്ന പ്രധാനപ്പെട്ട കാര്യം തന്നെയാണിത്. നദികൾ, കായൽ ഉൾപ്പെടെ എല്ലാ ജലാശയങ്ങളും ശുചീകരിച്ച് സംരക്ഷിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. കേരളത്തിലെ 44 നദികളും, നദികളോട് ചേർന്ന് നിരവധിയായ കൈവഴികളും, ശുദ്ധ ജലകായലുമൊക്കെ ചേർന്ന് മനോഹരമായ സംസ്ഥാനമാണ് കേരളം. അതുകൊണ്ടുതന്നെയാണ് ഈ കേരളത്തെ ലോകത്തിലെ വിവിധ മേഖലയിലുള്ള ജനങ്ങൾ 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന് വിളിക്കുന്നത്. ആ നാടിനെ സംരക്ഷിച്ച് വരും തലമുറയ്ക്ക് കൈമാറേണ്ട ബാധ്യതയാണ് നമുക്കുള്ളത്. ആ

കടമ തീർച്ചയായും നിർവ്വഹിക്കാൻ സാധിക്കണം. എല്ലാ നദികളെയും സംരക്ഷിക്കണം, കേരളം മാലിന്യമുക്തമാക്കണം. ആ രീതിയിലുള്ള പ്രവർത്തനത്തെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. മാലിന്യസംസ്കരണത്തെ സംബന്ധിച്ചുള്ള പാഠ്യപദ്ധതി ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് കഴിഞ്ഞ വെള്ളിയാഴ്ച ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ സൂചിപ്പിക്കുകയുണ്ടായി. ഈ വിഷയം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എല്ലാ വകുപ്പും സംയുക്തമായി മാത്രമേ ഇക്കാര്യം നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഏതെങ്കിലും ഒരു വകുപ്പിനെമാത്രം അടിസ്ഥാനപ്പെടുത്തി കേരളത്തെ പൂർണ്ണമായ അർത്ഥത്തിൽ ശുചീകരിക്കാൻ സാധിക്കുകയില്ല. ഇതിനുവേണ്ടി ഒരു പൊതു അവബോധം രൂപപ്പെടുത്തണം. എല്ലാ ഡിപ്പാർട്ടുമെന്റുകളെയും ചേർത്തുകൊണ്ട്/ യോജിപ്പിച്ചുകൊണ്ട് ഖരമാലിന്യം, ദ്രവമാലിന്യം, മറ്റ് വിവിധരീതിയിലുള്ള മാലിന്യങ്ങൾ മുഴുവൻ നീക്കംചെയ്യാനും കുളവും, തോടും സംരക്ഷിക്കാനുമുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കണം. അങ്ങനെ വന്നാൽ ലോകം ശ്രദ്ധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ശുചിത്വമുള്ളൊരു നാടായി

കേരളത്തെ മാറ്റാനാകുമെന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

**റേഷൻ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള**

**മാനദണ്ഡങ്ങളിൽ ഇളവ്**

**(*154)** ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായി റേഷൻ സാധനങ്ങൾ വാങ്ങാതിരുന്ന ഗുണഭോക്താക്കളെ മുൻഗണന വിഭാഗത്തിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നുവോ; വിശദമാക്കാമോ;

(ബി) മാനസിക, ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുള്ള കുടുംബാംഗങ്ങളെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് മാനദണ്ഡങ്ങളിൽ ഇളവുനല്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) റേഷൻ മുൻഗണനവിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) മുൻഗണന വിഭാഗത്തിലുള്ള അനർഹരെ ഒഴിവാക്കുമ്പോൾ സംസ്ഥാനം സബ്സിഡി നൽകിവരുന്ന നീലകാർഡുകാരെ ആനുപാതികമായി ഉൾപ്പെടുത്തുവാൻ കഴിയുമോ; വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ); സർ,

(എ) തീരുമാനമെടുത്തിരുന്നു. മൂന്നുമാസം തുടർച്ചയായി റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കാർഡുകൾ കണ്ടെത്തി നിയമപരമായ പരിശോധനനടത്തി അനർഹരെന്നുകണ്ടെത്തിയാൽ മുൻഗണനയിൽനിന്നും ഒഴിവാക്കുന്നതിന് 25/7/2019-ലെ സ.ഉ(സാധാ)നം.298/2019/ഭ.പൊ.വി.വ പ്രകാരം തീരുമാനമെടുത്തിരുന്നു. എന്നാൽ മതിയായ കാരണത്താലാണ് റേഷൻ കൈപ്പറ്റാത്തതെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം അത്തരക്കാരുടെ മുൻഗണനാനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ മുൻഗണനയിൽനിന്നും ഒഴിവാക്കപ്പെടുന്നവർക്ക് റേഷൻ അർഹതവീണ്ടും ലഭിക്കുന്നതിനായി

കാരണം ബോധിപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അർഹതയുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം സാദ്ധ്യതാപട്ടികയിൽ ഉൾപ്പെടുത്തുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ, മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതരരോഗബാധ, ഭിന്നശേഷി, സാമൂഹിക-സാമ്പത്തിക-പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് പൊതുവിതരണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമാണെന്നത് പരിഗണിച്ചും ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള പദ്ധതികളിൽ ഭിന്നശേഷി വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന

കേന്ദ്രനിർദ്ദേശംകൂടി കണക്കിലെടുത്തും റേഷൻ മുൻഗണനയിൽ ടി വിഭാഗത്തിന്റെ സംവരണത്തിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

(സി) മുൻഗണനാ മാനദണ്ഡങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി അതുസംബന്ധിച്ച പോസ്റ്റർ റേഷൻ കടകളിൽ പ്രദർശിപ്പിക്കുന്നുണ്ട്. റേഷൻ ഡിപ്പോകളുടെ സമീപത്തുള്ള പഞ്ചായത്തുകളിലും വില്ലേജുകളിലും ടി പോസ്റ്റർ പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശവും നൽകിയിട്ടുണ്ട്. മുൻഗണനാ മാനദണ്ഡങ്ങൾ പ്രതിപാദിക്കുന്ന ഉത്തരവ് സർക്കാർ വെബ്സൈറ്റിലും വകുപ്പിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ എഫ്.എം റേഡിയോ, ജിംഗിൾസ്, പോസ്റ്ററുകൾ, സംസ്ഥാന ഭക്ഷ്യക്കമ്മീഷന്റെ ബോധവൽക്കരണ പരിപാടികൾ എന്നിവ മുഖാന്തിരവും മുൻഗണനാ മാനദണ്ഡം സംബന്ധിച്ച് അവബോധം നൽകി വരുന്നുണ്ട്.

(ഡി) ഇല്ല. എ.എ.വൈ വിഭാഗത്തെ കണ്ടെത്തുന്നതിനായുള്ള കേന്ദ്ര മാനദണ്ഡങ്ങളുടെയും സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള പി.എച്ച്.എച്ച്

മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് മുൻഗണനാ വിഭാഗത്തെ കണ്ടെത്തി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം ഏതെങ്കിലും ഒരു ഒഴിവാക്കൽ മാനദണ്ഡം ബാധകമായി വരുന്നവരാണ് പൊതുവിഭാഗം സബ്സിഡിയിൽ ഉൾപ്പെട്ടുവരുന്നത്. അതു പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ, പൊതുവിഭാഗം സബ്സിഡിയിൽ നിന്ന് നികത്താൻ സാധിക്കുന്നതല്ല.

**ശ്രീ. ഇ. കെ. വിജയൻ: സർ, മുൻഗണനാ വിഭാഗത്തിന് മുൻഗണനാ റേഷൻ കാർഡ് എത്തിക്കണമെന്ന നിശ്ചയദാർഢ്യത്തിന്റെ ഫലമാണ് എല്ലാ താലൂക്കുകളിലും മുൻഗണനാ കാർഡ് നൽകുന്ന പരിപാടി വിജയകരമായി ചുരുങ്ങിയ ദിവസം കൊണ്ട് നടപ്പാക്കിയത്. വടകര താലൂക്കിൽ മാത്രം 5401 മുൻഗണനാ കാർഡുകളാണ് വിതണം ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിതന്നെ DSO (District Supply Officer)-യേയും ജീവനക്കാരേയും വിളിച്ച് അഭിനന്ദിച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. നവംബർ മാസത്തോടെ എത്ര മുൻഗണനാ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുമെന്നതാണ് എന്റെ ചോദ്യം.**

ശ്രീ. ജി. ആർ. അനിൽ: സർ, നിലവിലുള്ള 50,000-ത്തോളം അപേക്ഷകൾ പരിശോധിച്ചുവരികയാണ്. പരിശോധനാ റിപ്പോർട്ടുവരുന്ന മുറയ്ക്ക് അത്രയുംപേർക്ക് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിലും 40,000-ത്തോളം ആളുകളുടെ അപേക്ഷയെങ്കിലും മുൻഗണനാവിഭാഗത്തിൽപ്പെടുത്തി തീർപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനെസംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണ്; അതോടൊപ്പം റേഷൻ കടകൾ അനുവദിക്കുന്നതിനുള്ള പ്രത്യേക മുൻഗണനകളെന്തെല്ലാമാണ്; സെയിൽസ്മാന് പ്രത്യേക പരിഗണനയുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, പുതിയ റേഷൻ കടകൾ അനുവദിക്കാനുദ്ദേശിക്കുന്നില്ല, എന്നാൽ പുതിയ റേഷൻ കടകൾക്കായി എം.എൽ.എ.മാർ മുഖേന നാട്ടുകാർ നൽകിയിട്ടുള്ള അപേക്ഷകൾ പരിശോധിച്ചുവരികയാണ്. എന്നാൽ 599 റേഷൻ കടകൾക്ക്

നോട്ടിഫിക്കേഷൻ ഇറക്കാൻ തീരുമാനിച്ചിട്ടുണ്ട്. അവയെല്ലാം നടപടിക്ക് വിധേയമായി അറ്റാച്ചുചെയ്ത് നടത്തുന്നതും റേഷൻ കടകൾ തുടർന്ന് നടത്താൻ ആഗ്രഹിക്കുന്നില്ലെന്ന് അറിയിച്ചതുമായ കടകളെയാണ് നോട്ടിഫൈ ചെയ്യുന്നത്. ജില്ല തിരിച്ചുള്ള കണക്കുപ്രകാരം, തിരുവനന്തപുരം-19, കൊല്ലം-25, പത്തനംതിട്ട-19, ആലപ്പുഴ-28, കോട്ടയം-54, ഇടുക്കി-20, എറണാകുളം -126, തൃശ്ശൂർ-53, പാലക്കാട്-48, കോഴിക്കോട്-78, കണ്ണൂർ-48, മലപ്പുറം-46, വയനാട്-09, കാസർഗോഡ്-26 അങ്ങനെ 599 കടകളാണ് നോട്ടിഫൈ ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഒഴിവുവരുന്ന കടകൾ നോട്ടിഫൈ ചെയ്ത് പുതിയ ലൈസൻസിയെ കണ്ടെത്തി എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട്, പ്രത്യേകിച്ച് സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെ വിതരണം ചെയ്യുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അർഹതയുള്ളവരുടെ കൈകളിൽ മാത്രം മുൻഗണനാ റേഷൻ കാർഡെന്ന സർക്കാരിന്റെ നടപടികളെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാലും ഇപ്പോഴും ഇത്രയും ശക്തമായ നടപടികൾ

സ്വീകരിച്ചിട്ടും യഥാർത്ഥ അവകാശികളല്ലാത്തവരുടെ കയ്യിൽ മുൻഗണനാ റേഷൻ കാർഡുകളുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതിന് ഇപ്പോൾ നിലവിലുള്ള എല്ലാ മുൻഗണനാ കാർഡുകളും പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ആർ. ഐ. മാരെ ചുമതലപ്പെടുത്തി സമയബന്ധിതമായി ഈ പ്രവർത്തനം പൂർത്തിയാക്കി ഈ യജ്ഞം വിജയിപ്പിക്കാൻ ശ്രമിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. മുൻഗണനാ കാർഡുകൾ ഇപ്പോഴും അപൂർവം ചില അനർഹരുടെ കൈകളിലുണ്ടെന്ന് വകുപ്പിന് ബോദ്ധ്യമായിട്ടുണ്ട്. അതനുസരിച്ച്, ഒരു റേഷൻ കടയിലെ പത്ത് മുൻഗണനാ കാർഡുകളെ സംബന്ധിച്ച് നേരിട്ട് പരിശോധിക്കാൻ ആർ.ഐ.-മാരെ ചുമതലപ്പെടുത്തിട്ടുണ്ട്. ആർ.ഐ. മാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് തൊട്ടുമുകളിലുള്ള ഉദ്യോഗസ്ഥർ പരിശോധിക്കാനും അതിനനുസരിച്ച് കുറ്റമറ്റതാക്കാനുള്ള വലിയ പരിശ്രമമാണ് നടത്തുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, റേഷൻ കാർഡുകൾ മുനഗണനാ

വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 2009-ലെ ബി.ഡി.ഒ. നൽകുന്ന ബി.പി.എൽ. സർട്ടിഫിക്കറ്റാണ് പരിഗണിക്കുന്നത്. ആ സർട്ടിഫിക്കറ്റിന് 20 പോയിന്റാണ് നൽകുന്നത്. 2009-നുശേഷം ബി.പി.എൽ. ലിസ്റ്റിൽ പേര് ഉൾപ്പെടാനർഹതയുള്ള കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് ന്യായമായി മാറ്റേണ്ടതുണ്ട്. ഇതിനായി സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നാണ് അറിയേണ്ടത്.

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച ചോദ്യം വളരെ പ്രാധാന്യമുള്ള ഒന്നാണ്. കാരണം വളരെ വർഷങ്ങൾക്കുമുമ്പുള്ള ബി.പി.എൽ. പട്ടിക വച്ചാണ് അത് പരിശോധിക്കുന്നത്. എന്നാൽ 2016-ൽ പുതിയ ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പ് ഇറക്കിയിട്ടുണ്ട്. ആ ഉത്തരവിൽപ്പറയുന്ന പോയിന്റുകൾകൂടി പരിഗണിച്ചുകൊണ്ട് ആ പട്ടികയിലേയ്ക്ക് ആളുകളെ കണ്ടെത്താനുള്ള പരിശ്രമം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. വാഴൂർ സോമൻ: സർ, മുൻഗണനാ വിഭാഗത്തിലെ അനർഹരെ

ഒഴിവാക്കി, അർഹതപ്പെട്ട ആളുകളെ ഉൾക്കൊള്ളിക്കാനുള്ള നടപടിയെ അങ്ങേയറ്റം ശ്ലാഘിക്കുകയാണ്. എന്നാൽ മിനിമം ശമ്പളം മാത്രം വാങ്ങുന്ന തോട്ടം തൊഴിലാളികളെ മുഴുവനും ബി.പി.എൽ. വിഭാഗമായി പരിഗണിച്ച് അവരെക്കൂടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, തോട്ടം തൊഴിലാളികളെ പൂർണ്ണമായും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആഗ്രഹമുണ്ടെങ്കിലും അവരുടെ വരുമാനംകൂടി പരിഗണിച്ചുകൊണ്ടുമാത്രമേ അതിനെ സംബന്ധിച്ച് പൂർണ്ണമായൊരു തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. എന്നാൽ ഇപ്പോൾ മഹാഭൂരിപക്ഷംവരുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾ ഇതിനകത്ത് അംഗമാണെന്നുള്ള കാര്യം സഭയിൽ അറിയിക്കുകയാണ്.

ശ്രീ. ടി. സിദ്ദിഖ്:സർ, അനർഹരെ ഒഴിവാക്കുന്നതിന്റെ ഭാഗമായി ലഭിക്കുന്നത്രയും അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി എത്രപേരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; ഉൾപ്പെടുത്താൻ സാധിക്കും; അതോടൊപ്പംതന്നെ റേഷൻ ഡീലർമാരുടെ കിറ്റിന്റെ

കമ്മീഷനും അതോടൊപ്പം അവരുടെ ആരോഗ്യ ഇൻഷ്വറൻസുമായി ബന്ധപ്പെട്ടുള്ള അവരുടെ ഡിമാന്റിനെ സംബന്ധിച്ചുള്ള സർക്കാരിന്റെ പ്രതികരണമറിയാനും താൽപ്പര്യമുണ്ട്.

ശ്രീ. ജി. ആർ. അനിൽ: സർ, ഇപ്പോൾ മുൻഗണനാ വിഭാഗം കാർഡുകൾ കൊടുക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് വന്നിട്ടുള്ളത്, ഞാൻ കഴിഞ്ഞസഭയിൽ സൂചിപ്പിച്ചിരുന്നു., 1,43,000 കാർഡുകളാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ പല പരിശോധനകളിലൂടെ ഒഴിവു വന്ന കുറച്ച് കാർഡുകൾ കൂടിയുണ്ട്. അങ്ങനെ വന്നാൽ 1.5 ലക്ഷത്തിലധികം കാർഡുകൾ അത്തരമാളുകൾക്ക് അനുവദിക്കാൻ കഴിയും. റേഷൻ കട നടത്തുന്ന ലൈസൻസികൾക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, കോവിഡുമായി ബന്ധപ്പെടുത്തി റേഷൻ വ്യാപാരി മരണപ്പെട്ടാൽ, അവരുടെ കുടുംബത്തിന് 7.5 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് കവറേജ് കിട്ടുന്ന ഒരു പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ മറ്റ് ആരോഗ്യ ഇൻഷ്വറൻസ് സംബന്ധിച്ച് അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ല.

ശ്രീ. പി. ടി. എ. റഹീം:സർ, അങ്ങ് വികലാംഗരുൾപ്പെടെയുള്ള ആളുകൾക്ക് മാനദണ്ഡമനുസരിച്ച്, പത്ത് അധിക മാർക്ക് കൊടുക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇതൊഴിവാക്കി, മുഴുവൻ പേർക്കും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, അംഗ പരിമിതിയുള്ള ആളുകളെ സംബന്ധിച്ച് ആ അംഗങ്ങളുൾപ്പെടുന്ന കാർഡുകളുടെ കാര്യം പരിശോധനയിലാണ്. അതിനൊരു പുതിയൊരു മാനദണ്ഡമുണ്ടാക്കാൻ, സാമൂഹ്യക്ഷേമ വകുപ്പിനോട് അതിനെ സംബന്ധിച്ച് നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും വേഗം അംഗപരിമിതരോ മറ്റ് മാരക രോഗങ്ങൾ ബാധിച്ചവരോ അംഗങ്ങളായ കുടുംബങ്ങളിലെ കാർഡുകൾ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി അനുവദിക്കുന്ന കാര്യം ആലോചനയിലാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മുൻഗണനാ പട്ടികയിലുള്ള ആളുകൾ സ്വയം ഒഴിഞ്ഞുപോകുകയോ അല്ലെങ്കിൽ അനർഹരായ ആളുകളെ

പുറത്താക്കുകയോ ചെയ്യുകയുണ്ടായി. ഈ സമയത്ത് ധാരാളം ആളുകളെ മുൻഗണനാ പട്ടികയിലേയ്ക്ക് കൊണ്ടുവരികയും ചെയ്തു. ഇങ്ങനെ കൊണ്ടുവരുന്നതിനുവേണ്ടി ഓരോ ജില്ലകൾക്കും ക്വാട്ട അനുവദിച്ചിരുന്നു. അങ്ങനെ ജില്ലകൾക്ക് ക്വാട്ട അനുവദിച്ചതിന്റെ മാനദണ്ഡമെന്താണ്? ആ ലിസ്റ്റിൽനിന്നും ഒഴിഞ്ഞുപോയ ആളുകളുടെ മാനദണ്ഡമാണോ; ആ ജില്ലയിലെ പോപ്പുലേഷന്റെ മാനദണ്ഡമാണോ; അതോ ആ ജില്ലയിലുള്ള ബി.പി.എൽ. കുടുംബാംഗങ്ങളുടെ മാനദണ്ഡമാണോ; ഏത് മാനദണ്ഡമാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, അതത് ജില്ലയിൽ ഒഴിഞ്ഞുപോയിട്ടുള്ളത് നേരത്തെ ഒരു മാനദണ്ഡം നിശ്ചയിച്ചിരുന്നതനുസരിച്ചുള്ളവരാണ്. എന്നാൽ ജനസംഖ്യകൂടി ബന്ധപ്പെടുത്തിക്കൊണ്ടും ആവശ്യകത മനസ്സിലാക്കിക്കൊണ്ടുമുള്ള പരിഗണനയാണ് നൽകിവരുന്നത്.

<u>ശ്രീ. വി. ആർ. സുനിൽകുമാർ</u>: സർ, നിലവിലുള്ള ആശ്രയ

ബി.പി.എൽ. കാർഡുടമകളുടെ പേരുവിവരം പഞ്ചായത്തുൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, അക്കാര്യം സജീവ പരിഗണനയിലാണ്. ഇത്തരത്തിലുള്ള മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരുടെ പേരുവിവരങ്ങൾ പഞ്ചായത്തുകൾ, വില്ലേജാഫീസുകൾ എന്നിവിടങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, റേഷൻ കാർഡുകളുടെ ന്യൂനതകൾ പരിഹരിക്കുന്നതോടൊപ്പംതന്നെ വയനാട് ജില്ലയിലെ നിരവധി പട്ടിക വർഗ്ഗ കോളനികളിൽ, റേഷൻ കാർഡില്ലാത്ത ധാരാളം കുടുംബങ്ങളുണ്ട്. അവർക്ക് സാധാരണ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന റേഷൻ വാങ്ങുന്നതിനായി പലപ്പോഴും താൽക്കാലിക കാർഡുകളാണ് വിതരണം ചെയ്യുന്നത്. പട്ടികവർഗ്ഗ കോളനികളിൽ ഒരു ക്യാമ്പയിൻ നടത്തി അവർക്ക് സമ്പൂർണ്ണമായി റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വളരെ ഗൗരവമുള്ളതാണ്. പട്ടികവർഗ്ഗ കോളനികളിലെ ഏതെങ്കിലുമൊരാളിന് കാർഡില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടാൽ വളരെ അടിയന്തരമായിതന്നെ പരിഹാരമുണ്ടാക്കുന്നുണ്ട്. എന്നാൽ അദ്ദേഹം സൂചിപ്പിച്ചതനുസരിച്ച്, അതിന് പ്രത്യേക പ്രോഗ്രാം തയ്യാറാക്കി വളരെ വേഗത്തിൽതന്നെ അങ്ങനെ ആരെങ്കിലുമുണ്ടോയെന്ന് പരിശോധിച്ച് അർഹതയുള്ള മുഴുവൻ ആളുകൾക്കും കാർഡുകൾ അനുവദിക്കുന്നതാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, നമ്മുടെ മുൻഗണനാ ലിസ്റ്റിൽപ്പെടുത്തുന്നതിനുള്ള പരിഗണനയിൽ ആയിരം സ്ക്വയർ ഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരെ ഉൾപ്പെടുത്താൻ കഴിയില്ലെന്ന നിബന്ധനയുണ്ട്. എന്നാൽ ആയിരം സ്ക്വയർ ഫീറ്റിന് അളവിൽ ചെറിയ വ്യത്യാസം മാത്രമുള്ള, ഒരു വരുമാനവുമില്ലാത്ത, വിധവകളുൾപ്പെടെയുള്ള പ്രായംചെന്ന ആളുകൾ മാത്രമടങ്ങുന്ന, ഒറ്റയ്ക്കും കൂട്ടായും താമസിക്കുന്ന അനവധി വീടുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും

മാർഗ്ഗമുണ്ടോ; അതിന് തയ്യാറാണോ?

ശ്രീ. ജി. ആർ. അനിൽ: സർ, ആയിരം സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള വീട് എന്ന വ്യവസ്ഥ നിലവിലുണ്ടെങ്കിലും അവരുടെ സാമ്പത്തികാവസ്ഥകൂടി പരിശോധിച്ചുകൊണ്ട് ചെറിയ വ്യത്യാസങ്ങളുള്ളവർക്കെല്ലാം കാർഡ് മാറ്റികൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം അത്തരത്തിലുള്ള ഏതെങ്കിലും വിഷയം ശ്രദ്ധയിൽപ്പെടുത്തിയാൽ അടിയന്തരമായി പരിഹാരമുണ്ടാക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)